## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1244

02/03/2017-ൽ മറുപടി നൽകേണ്ടിയിരുന്നത്

### വടവന്നൂർ ജി.എൽ.പി.സ്കൂൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ.ബാബു** | | പ്രൊഫ. സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പമന്ത്രി) | |
| (എ) | നെന്മാറ നിയോജക മണ്ഡലത്തിലെ വടവന്നൂർ ജി.എൽ.പി.സ്കൂൾ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത് എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ സ്കൂളിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം നൽകുമോ; | (എ) | ഉണ്ട്. 1931-ൽ ആരംഭിച്ച പ്രസ്തുത സ്കൂൾ ഏകദേശം 20 സെന്റിലാണ് നിലനിൽക്കുന്നത്. |
| (ബി) | ഈ സ്കൂൾ കെട്ടിടത്തിന് നിലവിൽ എത്ര രൂപയാണ് സർക്കാർ വാടക ഇനത്തിൽ നൽകുന്നത്; എത്ര വർഷം മുമ്പുള്ള വാടകയാണ് ഇത്; വാടക കാലോചിതമായി പരിഷ്കരിക്കാൻ ഉണ്ടായ തടസ്സം സംബന്ധിച്ച വിശദാംശം നൽകുമോ; | (ബി) | 1290/- രൂപ. 23 വർഷമായി ഈ നിരക്കിൽ വാടക നൽകിവരുന്നു. വടവന്നൂർ ഗ്രാമ പഞ്ചായത്താണ് വാടക നൽകുന്നത്. വാടക പുനർ നിർണ്ണയം നടത്തുന്നതിനുവേണ്ടി കെട്ടിട ഉടമ നൽകിയ അപേക്ഷയിൽ ആവശ്യമായ രേഖകൾ ഇല്ലാത്ത തിനാൽ, ടി രേഖകൾ ഉൾക്കൊള്ളിച്ച കൊണ്ട് അപേക്ഷ നൽകുവാൻ കെട്ടിട ഉടമയോട് നിരവധി തവണ ആവശ്യപ്പെട്ടുവെങ്കിലും നാളിതുവരെ യാതൊരുവിധ മറുപടിയും ലഭിച്ചിട്ടില്ല. |
| (സി) | ഈ സ്കൂൾ കെട്ടിടം സർക്കാർ ഏറ്റെടുക്കാനുള്ള നടപടി സ്വീകരിക്കുമോ; എങ്കിൽ അതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കേണ്ടത് എന്ന് വിശദമാക്കുമോ? | (സി) | ഇപ്പോൾ പരിഗണനയിലില്ല. |

Sheela H

സെക്ഷൻ ഓഫീസർ